## സെക്രട്ടേറിയറ്റിലെ പൊതുഭരണ സർവ്വീസിൽ നടപടികളെടുക്കാൻ കാലതാമസം

21 (21) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ പൊതുഭരണ സർവ്വീസിലെ കാലതാമസവും കെടുകാര്യസ്ഥതയും പകപോക്കലും ഒഴിവാക്കാൻ സെക്രട്ടേറിയറ്റിലെ സംവിധാനം പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ പത്തു വർഷക്കാലം സെക്രട്ടേറിയറ്റിൽ ലഭിച്ച എത്ര ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ടെന്ന് അറിയിക്കുമോ ; അവ കെട്ടിക്കിടക്കാൻ കാരണമെന്താണ് ;

(സി) സെക്രട്ടേറിയറ്റിൽ ഫയലുകൾ സർക്കാർ മാനുവൽ പ്രകാരമുള്ള കാലാവധിക്കുള്ളിൽ തീർപ്പ് കല്പിക്കാൻ നടപടി എടുക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ സ്വീകരിക്കാവുന്ന അച്ചടക്ക നടപടികൾ എന്തൊക്കെയാണ് ;

(ഡി) കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ ഈ കാര്യത്തിൽ വീഴ്ച കാട്ടിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ; അതിൽ ഡിസ്മിസൽ, സസ്പെൻഷൻ തുടങ്ങിയ നടപടികൾക്ക് വിധേയരായവരുടെ പേരു വിവരങ്ങൾ വ്യക്തമാക്കാമോ ;

(ഇ) പെട്ടെന്ന് അവധിയിൽ പോകുന്ന ഉദ്യോഗസ്ഥരുടെ പക്കലുള്ള അടിയന്തര ഫയലുകൾപോലും അവരുടെ മേശയ്ക്കുള്ളിൽ വച്ചുപൂട്ടി കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇതുമൂലം ഉണ്ടാകുന്ന ഭരണപരമായ പ്രയാസങ്ങൾ ഒഴിവാക്കാൻ അവധിയിൽ പോകുന്ന ആളിന്റെ കൈവശമുള്ള അടിയന്തര ഫയൽ മേലുദ്യോഗസ്ഥനെ ഏല്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ജി) പൊതുഭരണ സർവ്വീസിലുള്ള ആകെ ഐ.എ.എസു കാരിൽ ഇപ്പോൾ കേരളത്തിൽ എത്ര പേരുടെ സേവനം ലഭ്യമാണ് ; അവരിൽ ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി തുടങ്ങി ഓരോ റാങ്കിലുമുള്ളവരുടെ എണ്ണം വ്യക്തമാക്കുമോ ;

(എച്ച്) കേരളസർവ്വീസിൽ ഉള്ളവരിൽ എത്ര ഐ.എ.എസ്.കാർ ഇപ്പോൾ കേരളത്തിന് വെളിയിലുണ്ട് ; അവരുടെ പേരുവിവരവും എവിടെയാണെന്ന വിവരവും അറിയിക്കുമോ ;

(ഐ) ഐ.എ.എസ്. പെരുമാറ്റച്ചട്ടം ലംഘിച്ചതിന് വിശദീകരണം തേടിയ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കഴിഞ്ഞ പത്തുവർഷത്തെ വിവരങ്ങൾ വെളിപ്പെടുത്തുമോ ; അവരുടെ പേരിൽ എടുത്ത നടപടികൾ അറിയിക്കുമോ ;

(ജെ) ഇപ്പോൾ വെറ്ററിനറി സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരിക്കുന്ന ഐ.എ.എസ്. ഓഫീസർ മന്ത്രിമാർക്കും പൊതു പ്രവർത്തകർക്കും സഹപ്രവർത്തകരായ ഐ.എ.എസ്.കാർക്കുമെതിരെ ലേഖനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്താവനകളുമിറക്കി അച്ചടക്കം ലംഘിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ഓഫീസർക്കെതിരെ ചട്ടപ്രകാരം എടുത്ത നടപടി വിശദീകരിക്കുമോ ;

(കെ) കൃത്യനിഷ്ഠ, ജാഗ്രത, അച്ചടക്കം, സാമ്പത്തിക അച്ചടക്കം, കാര്യക്ഷമത, സേവനം, ഫയലുകൾ തീർപ്പാക്കൽ തുടങ്ങിയ മേഖലകളിൽ വീഴ്ച വരുത്തുന്ന ഐ.എ.എസ് ഓഫീസർമാരെ അപ്പപ്പോൾ തിരുത്താനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ ; ഐ.എ.എസ്. സംവിധാനം നിരീക്ഷിക്കാൻ എന്തെങ്കിലും പുതിയ പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ) ഇങ്ങനെ ഒരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല

(എഫ്) ബാധകമല്ല

(ജി) 95.

ചീഫ് സെക്രട്ടറി - 1

അഡീഷണൽ ചീഫ് സെക്രട്ടറി- 5

പ്രിൻസിപ്പൽ സെക്രട്ടറി -11

സെക്രട്ടറി- 26

സ്പെഷ്യൽ സെക്രട്ടറി<br>അഡീഷണൽ സെക്രട്ടറി } 52<br>ഡെപ്യൂട്ടി സെക്രട്ടറി

(എച്ച്) സെൻട്രൽ ഡെപ്യൂട്ടേഷനിൽ 45 പേരും ഇന്റർ കേഡർ ഡെപ്യൂട്ടേഷനിൽ 3 പേരും കേരള കേഡറിന് പുറത്താണ്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ഐ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജെ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(കെ) ഇത് സംബന്ധമായി ആൾ ഇൻഡ്യാ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഐ. എ. എസ്. സംവിധാനം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരന്തര നിരീക്ഷണത്തിലാണ്. പുതിയ പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly